പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1070 07.02.2013-ൽ മറുപടിയ്ക്ക്

സീ പ്ലെയിൻ പദ്ധതി

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) കെ.എസ്.ഐ.ഡി.സി. ടൂറിസം വകുപ്പുമായി സഹകരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന സീപ്ലെയിൻ പദ്ധതിയുടെ വിശദമായ പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ) കേരള സർക്കാർ, ടൂറിസം വകുപ്പ് മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന സീപ്ലെയിൻ പദ്ധതിയുടെ വിശദമായ പഠനം കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ പവൻ ഹാൻസ് ഹെലികോപ്റ്റേഴ്സ് ലിമിറ്റഡ് നടത്തുകയും റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഏകദേശം ഇരുപത്തി അഞ്ചോളം കേന്ദ്രങ്ങളാണ് പ്രാഥമിക ഘട്ടത്തിൽ പദ്ധതിക്കായി പരിഗണനയിലുള്ളത്. ഇതിൽ മുൻഗണനാ പ്രദേശങ്ങളായ അഷ്ടമുടി, പുന്നമട, കുമരകം, ബോൾഗാട്ടി, ബേക്കൽ മുതലായ പ്രദേശങ്ങളിലെ സാധ്യതാ പഠന റിപ്പോർട്ടും വിശദമായ പ്രോജക്ട് റിപ്പോർട്ടും സമർപ്പിച്ചിട്ടുണ്ട്. |
| (ബി) ഏതെല്ലാം ടൂറിസ്റ്റ് കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കാനാണ് പ്രസ്തുത പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) പദ്ധതിയുടെ പ്രാഥമിക ഘട്ടത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് വിമാനത്താവളങ്ങളും മുൻഗണനാ പ്രദേശങ്ങളായ അഷ്ടമുടി, പുന്നമട, കുമരകം, ബോൾഗാട്ടി, ബേക്കൽ മുതലായ പ്രദേശങ്ങളും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് സേവനം ആരംഭിക്കുവാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | പദ്ധതി പ്രകാരം പ്രതീക്ഷിക്കുന്ന ആകെ ചെലവ് എത്രയെന്ന് വ്യക്തമാക്കുമോ ; | (സി) | പദ്ധതി ഇപ്പോൾ ഇതിന്റെ പ്രാരംഭഘട്ടത്തിലാണ്. പദ്ധതിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക എന്നതാണ് സർക്കാർ ഈ പദ്ധതിയിൽ ലക്ഷ്യമിടുന്നത്. ഇതിനായി 11.83 കോടി രൂപയുടെ പ്രവൃത്തികൾക്കായുള്ള ഭരണാനുമതിയാണ് ഇതുവരെ നൽകിയിട്ടുള്ളത്. |
| (ഡി) | പദ്ധതി നടത്തിപ്പിനെക്കുറിച്ചും റൂട്ടിനെക്കുറിച്ചുമുള്ള വിശദാംശം നൽകുമോ? | (ഡി) | പദ്ധതിയുടെ നിർവ്വഹണത്തിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ടൂറിസം വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ നോഡൽ ഏജൻസിയായി സർക്കാർ നിയമിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക എന്നതാണ് സർക്കാർ ലക്ഷ്യമാക്കുന്നത്. മേൽ സൂചിപ്പിച്ച മുൻഗണനാ പ്രദേശങ്ങളെ ബന്ധിപ്പിച്ചു കൊണ്ടായിരിക്കും ആദ്യ ഘട്ടത്തിൽ ഈ പദ്ധതി നടപ്പിലാക്കുക. റൂട്ട് സംബന്ധിച്ച വിശദാംശങ്ങൾ പദ്ധതി പ്രവർത്തനം ആരംഭിച്ചതിനു ശേഷം മാത്രമെ ലഭ്യമാക്കാൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ